**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2029.** **15.07.2016 ന് മറുപടിയ്ക്ക്**

**വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടപ്പാക്കിയിട്ടുള്ളതാണ്. പ്രസ്തുത പ്രദേശങ്ങളിൽ പഴയന്നൂർ എക്സൈസ് റേഞ്ച് ഓഫീസ്, വടക്കാഞ്ചേരി എക്സൈസ് സർക്കിൾ ഓഫീസ്, തൃശ്ശൂർ എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്നീ ഓഫീസുകളിൽ നിന്നും തുടർച്ചയായ പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നതും മേൽപ്രകാരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത്തല ജനകീയ കമ്മിറ്റി യോഗങ്ങൾ എല്ലാ മാസവും നടത്താറുള്ളതും ഇത്തരം യോഗങ്ങളിൽ ലഭിക്കുന്ന പരാതികൾ പ്രത്യേക പരിഗണന നൽകി അന്വേഷിച്ച് നടപടികൾ സ്വീകരിക്കാറുള്ളതുമാണ്. മണ്ഡലത്തിലെ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ ഹൈസ്കൂൾതലം മുതൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്കൂളുകളിൽ സ്ഥാപിച്ചിരിക്കുന്ന പരാതിപ്പെട്ടി വഴിയും പി.റ്റി.എ. തലത്തിലും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്നും പരാതികളും രഹസ്യ വിവരങ്ങളും ലഭിക്കുന്നതിന് എക്സൈസ് ഓഫീസുകളുടെ ഔദ്യോഗിക ഫോൺ/മൊബൈൽ നമ്പരുകൾ പൊതു സ്ഥലങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിലും രഹസ്യവിവരങ്ങളിലും സമയബന്ധിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു. മലയോര മേഖലകളിൽ മറ്റും മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. ഈ പ്രദേശങ്ങളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ശക്തമായി തുടർന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**